# കേരള സർവകലാശാല

നം. പി.ആർ.209/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് ഫലം

കേരള സർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2013 സ്കീം റഗുലർ/സെഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഏപ്രിൽ 2017 ബയോടെക്നോളജി ആന്റ് ബയോകെമിക്കൽ എൻജിനീയറിംഗ് ബ്രാഞ്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 13 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

### ബി.എഡ് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 7 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനർമൂല്യ നിർണ്ണയ വിഭാഗത്തിൽ (EJ I) എത്തിച്ചേരേണ്ടതാണ്.

### പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാലയുടെ രണ്ട്,നാല് സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മൾട്ടി മേജർ), ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി എന്നിവയുടെ കോംപ്ലിമെന്ററി കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതലും ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജിയുടെ കോർ ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ നാല് മുതലും ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ടെക് ഒപ്റ്റോഇലക്ട്രോണിക്സ് (2017 അഡ്മിഷൻ സീറ്റൊഴിവ്)

കേരള സർവകലാശാല കാര്യവട്ടം ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ എ.ഐ.സി.റ്റി.ഇ അംഗീകൃത എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) കോഴ്സിൽ എസ്.സി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ 27ന് രാവിലെ 11 ന് ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്.

### ബി.കോം പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ജൂലൈ 2017-ൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ, 2017 ഒക്ടോബർ നാല്, ആറ്, ഒമ്പത്, പത്ത് എന്നീ തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## ജോബ് ഫെയർ

നാഷണൽ എംപ്ളോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ വെച്ച് 2017 സെപ്തംബർ 28 ന് രാവിലെ 10 ന് ജോബ് ഫെയർ സംഘടിപ്പിക്കുന്നു. പ്രമുഖ മുൻനിര സ്ഥാപനങ്ങളിലെ മാനേജർ, എക്സിക്യൂട്ടീവ്, അസിസ്റ്റന്റ്സ് തുടങ്ങിയ ഒഴിവുകളിലേയ്ക്ക് എസ്.എസ്.എൽ.സി, Plus Two & above, MBA, any Degree തുടങ്ങിയ യോഗ്യതകളുള്ള ( Male, Female & Transgender) ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ഒഴിവുകളുടെ മുഴുവൻ വിവരങ്ങളും www.facebook.com/MCCTVM എന്ന ഫെയ്സ് ബുക്ക് പേജിൽ ലഭ്യമാണ്. ഓൺലൈൻ രജിസ്ട്രേഷൻ www.ncs.gov.in എന്ന website മുഖേന ചെയ്യാവുന്നതാണ്. Spot Registration ഉണ്ടായിരിക്കുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 –2304577,09159455118 എന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## കേരള സർവകലാശാല നാഷണൽ സർവ്വീസ് സ്കീം അവാർഡ്ദാനം

2016–17 ലെ സർവകലാശാല എൻ.എസ്.എസ്. അവാർഡ്ദാനചടങ്ങ് 2017 സെപ്തംബർ 27ന് സെനറ്റ് ചേമ്പറിൽ വച്ച് നടക്കും. രാവിലെ 10.30 ന് ആരംഭിക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട എം.എൽ.എ കെ.മുരളീധരൻ എൻ.എസ്.എസ്. അവാർഡ് വിതരണം നടത്തും. 2015–16 കാലഘട്ടത്തിൽ മികച്ച എൻ.എസ്.എസ് ശ്രമദാനത്തിന് കേന്ദ്ര ഗവ. ഏർപ്പെടുത്തിയിട്ടുള്ള എൻ.വൈ.എൽ.പി കാഷ് അവാർഡ് ബഹു. എം.പി ഡോ. എ. സമ്പത്ത് വിതരണം ചെയ്യും. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്. ബാബുജൻ, അഡ്വ. എ.എ. റഹിം, ശ്രീ എം.കെ. അബ്ദുൾ റഹീം, ശ്രീ കെ.എസ്. ഗോപകുമാർ, ഡോ. ഷാജി. കെ, ഡോ. കെ. മാണിക്കരാജ് എന്നിവരും നാഷണൽ സർവ്വീസ് സ്കീം റീജിയണൽ ഡയറക്ടർ ശ്രീ. ജി.പി. സജിത്ബാബു, സംസ്ഥാന എൻ.എസ്.എസ് ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, കേരള സർവകലാശാല എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. എ. ഷാജി എന്നിവരും പങ്കെടുക്കും.

## ഓസോൺ ഡേ: സെമിനാർ നടന്നു

കേരള സർവകലാശാല വിദ്യാഭ്യാസ വിഭാഗത്തിൽ ഓസോൺ ഡേ അനുബന്ധിച്ച് വിവധ പരിപാടികൾ സംഘടിപ്പിച്ചു. വിഭാഗത്തിൽ നടന്ന സെമിനാറിൽ ഡോ. സി.ബി.കെ.എസ്. (ഊർജ്ജതന്ത്ര വിഭാഗം), പ്രൊഫസർ. തെരേസ സൂസൻ. എ, ഡോ. ബിന്ദു. ആർ.എൽ, ഡോ. സമീർ ബാബു, ഡോ. ദിവ്യ. സി. സേനൻ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന ക്വിസ് മത്സരം ഡോ. ഐസക് പോൾ നേതൃത്വം നൽകി. തുടർന്ന് ശോഭ വി.കെ. ക്ലാസ്സെടുത്തു. സർവോദയ വിദ്യാലയത്തിലെ ആർച്ച, മാധവ് ശ്രീധർ എന്നിവരടങ്ങിയ ഗ്രൂപ്പ് ഒന്നാം സ്ഥാനം നേടി. ആറ്റിങ്ങൽ സി.എസ്.ഐ സ്കൂളിലെ അഭിനന്ദ്, ഷിജിൻ ഷാജി എന്നിവർ രണ്ടാം സ്ഥാനം നേടി. എസ്.ആർ. ദേവനാരായൺ & എ.ആർ. വിഷ്ണു മുകുന്ദ്, അനൂപ് ബിജു & യദു ഗോപൻ എന്നീ ടീമുകൾ മൂന്നാം സ്ഥാനം പങ്കിട്ടു.

## ഒന്നാം സെമസ്റ്റർ പി.ജി. ക്ലാസ്സുകൾ സെപ്തംബർ 27–ന് ആരംഭിക്കും

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലും യു.ഐ.ടി.കളിലും

**ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ സെപ്തംബർ 27-ന് ആരംഭിക്കും.**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**